## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 32 — 07.01.2014-ൽ മറുപടിയ്ക്ക്

# ആണവ വൈദ്യുതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ :<br>ശ്രീ. എ. റ്റി. ജോർജ് :<br>ശ്രീ: ഷാഫി പറമ്പിൽ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | വേനൽക്കാലത്തെ വൈദ്യുതി ക്ഷാമം പരിഹരിക്കാൻ കൂടംകുളത്തിൽ നിന്നുള്ള ആണവ വൈദ്യുതി പ്രയോജനപ്പെടുത്തുമോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) & (ബി) | തമിഴ്നാട്ടിലെ കൂടംകുളം ആണവ നിലയത്തിൽ നിന്നും (നിർദ്ദിഷ്ട സ്ഥാപിത ശേഷി 2 x1000 മെഗാവാട്ട്) കേരളത്തിന് അനുവദിക്കപ്പെട്ട വിഹിതം 266 മെഗാവാട്ടാണ്. കൂടംകുളം നിലയത്തിലെ ഒന്നാം നമ്പർ റിയാക്ടർ (1000 മെഗാവാട്ട്) 2013 ഒക്ടോബർ 22 ന് പരീക്ഷണാർത്ഥം പ്രവർത്തിപ്പിച്ചു തുടങ്ങി. കമേഴ്സ്യൽ ഓപ്പറേഷൻ ആരംഭിക്കുന്നതുവരെ നിലയത്തിൽ നിന്നുള്ള വൈദ്യുതി അൺഷെഡ്യൂൾഡ് ഇൻറർ ചേഞ്ച് മുഖേന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് വീതംവച്ച് കൊടുത്തിട്ടുണ്ട്. ഇപ്പോൾ ഈ നിലയത്തിൽ നിന്നും 250-400 മെഗാവാട്ട് വരെ വൈദ്യുതി ഉത്പ്പാദിപ്പിക്കുന്നുണ്ട്. ഒന്നാമത്തെ യൂണിറ്റ് (1000 മെഗാവാട്ട്) വാണിജ്യാടിസ്ഥാനത്തിൽ പൂർണ്ണതോതിൽ ഉല്പാദനം ആരംഭിക്കുന്ന മുറയ്ക്ക് കേരളത്തിന് അൺ അലോക്കേറ്റഡ് ഷെയർ ഉൾപ്പെടെ 150 മെഗാവാട്ട് വൈദ്യുതി ലഭ്യമാകും. |
| (ബി) | പ്രസ്തുത ആണവ നിലയത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ടത് എത്ര മെഗാവാട്ട് വൈദ്യുതി ആണ് ; | | |
| (സി) | ഇത് സംബന്ധിച്ച കരാർ ഒപ്പുവച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ : | (സി) | കൂടംകുളം യൂണിറ്റ് നമ്പർ 1 & 2 (2 X 1000 MW ൽ നിന്നും മിനിസ്റ്ററി ഓഫ് പവർ (MoP) അലോക്കേഷൻ പ്രകാരം കേരളത്തിന് ലഭിക്കേണ്ട 266 MW വൈദ്യുതിയ്ക്കുള്ള കരാർ 15-11-2013-ന് ഒപ്പ് വച്ചിട്ടുണ്ട്. |
| (ഡി) | കൂടംകുളം ആണവ വൈദ്യുത നിലയത്തിൽ നിന്നും സംസ്ഥാനത്തിൻെറ വിഹിതം ലഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ? | (ഡി) | കൂടംകുളം ആണവ നിലയത്തിൽ നിന്നും കേരളത്തിന് അനുവദിക്കപ്പെട്ട വിഹിതം 266 മെഗാവാട്ടാണ്. കൂടംകുളത്തു നിന്നുള്ള വൈദ്യുതി പ്രസരണം നടത്തുന്നതിനുവേണ്ടി തിരുനെൽവേലി മുതൽ മാടക്കത്തറ വരെ 400 കെ. വി ലൈൻ നിർമ്മിച്ച് കൊച്ചിയിൽ (പള്ളിക്കര) ഒരു 400 കെ. വി സബ്സ്റ്റേഷൻ സ്ഥാപിക്കുവാനുമാണ് ലക്ഷമിട്ടിരിക്കുന്നത്. പ്രസ്തുത ലൈൻ നിർമ്മാണ പ്രവൃത്തികൾ പവർഗ്രിഡ് കോർപ്പറേഷൻ (PGCIL) ആണ് നടപ്പാക്കുന്ന |

ത്. ഇതിൽ തിരുനെൽവേലി മുതൽ ഇടമൺ വരെയുള്ള ലൈൻ നിർമ്മാണവും പള്ളിക്കര യിൽ നിന്നും മാടക്കത്തറ വരെയുള്ള ലൈൻ നിർമ്മാണവും പള്ളിക്കരയിൽ ഒരു 400 കെ. വി സബ്സ്റ്റേഷൻെറ നിർമ്മാണവും പൂർത്തിയാ യിട്ടുണ്ട്. ഇടമൺ മുതൽ കൊച്ചി (പള്ളിക്കര) വരെയുള്ള ലൈനിൻെറ നിർമ്മാണ പ്രവൃത്തി കൾ ടി ലൈൻ റൂട്ടിലെ കർഷകരുടെ എതിർപ്പു കാരണം തടസ്സപ്പെട്ടിരിക്കുകയാണ്. സർക്കാർ തലത്തിൽ പ്രശ്നം പരിഹരിക്കുന്നതിനുള്ള നട പടികൾ സ്വീകരിച്ചു വരികയാണ്.

ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 11-12-2013-ൽ ചേർന്ന യോഗത്തിൽ ബന്ധ പ്പെട്ട ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ആക്ഷൻ കൗൺസിൽ പ്രതിനിധികൾ എന്നിവ രുമായി ഭൂവുടമകൾക്ക് അനുവദിക്കാവുന്ന പ്രത്യേക നഷ്ട പരിഹാര പാക്കേജ് സംബ ന്ധിച്ച കരടു സർക്കാർ നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. ഇതു സംബന്ധിച്ച് ഉടൻ തന്നെ അന്തിമ തീരുമാനം കൈക്കൊള്ളുന്ന തിനും നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരം ഭിക്കുന്നതിനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ.